കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെന്മല ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം പി7 -59/2017

കേരള സംസ്ഥാന ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി – 04.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെന്മല ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്മല ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2.2 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3.1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം. പി.7-59/2017 തീയതി :04.02.2017

## കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 07.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി. ഗീത.എം.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07-11-2016 മുതൽ<br>15-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.വി. മണിലാൽ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ആർ.ലാലു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | ശ്രീ.എം.എസ്.സുഗേഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. എസ്.ശരത് | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.കെ.ശശിധരൻ | 01-04-15 മുതൽ 31-03-16 വരെ |
| സെക്രട്ടറി | : | ശ്രീ.എ.ഷാജഹാൻ | 01-04-15 മുതൽ 31-03-16 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | : | ശ്രീ.അരുൺ അലക്സാണ്ടർ | 01-04-15 മുതൽ 18.08.15 വരെ |
| | : | ശ്രീ.എസ്.അനിൽ കുമാർ | 19-08-15 മുതൽ 01-10-15 വരെ |
| | : | ശ്രീമതി.പത്മജാ തോമസ് | 02-10-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | : | ശ്രീമതി.ഷൈനി | 01-04-15 മുതൽ 31-01-16 വരെ |
| | : | ശ്രീ.അജോയ് സുകുമാരൻ | 01-02-16 മുതൽ 31-03-16 വരെ |
| വെറ്റിനറി സർജൻ | : | ഡോ.സുരേഷ് കുമാർ | 01-4-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനിയർ | : | ശ്രീ.ബി.കെ.രാജേഷ് | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ് | : | ശ്രീമതി.രേണുക | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ | : | ഡോ.സാഹിൽ | 01-04-15 മുതൽ 21-12-15 വരെ |
| | : | ഡോ.മണി | 22-12-15 മുതൽ 10-02-16 വരെ |
| | : | ഡോ.ഹാരിസ് | 11-02-16 മുതൽ 31-03-16 വരെ |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | : | ഡോ.ഷാജി ബോസ് | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | : | ശ്രീമതി.വൽസല കുമാരി | 01-04-15 മുതൽ 31-03-16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീമതി.സിന്ധു | 01-04-15 മുതൽ 30-09-15 വരെ |
| | : | ശ്രീ.നിഥിൻ ദേവ് | 01-10-15 മുതൽ 31-03-16 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2. | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്ല്കിയതിന്റെ വിവരം. | 1-3 | |
| 4. | സാമ്പത്തിക വിശകലനം | 1-4 | |
| 5. | ഫണ്ട് വിനിയോഗം | 1-5 | |
| 6. | പദ്ധതി അവലോകനം. | 1-6 | |
| 7. | തനത് വരുമാനം. | 1-7 | |
| 8. | ക്ഷേമ പദ്ധതികൾ | 1-8 | |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10. | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12. | ഇ – ടെണ്ടർ - ടെണ്ടർ വിൽപ്പനയില്ലൂടെ പഞ്ചായത്തിനു | 2-1 | |

| | | | |
|---|---|---|---|
| | ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു- 7600/-രൂപയുടെ നഷ്ടം | | |
| 13. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കട – മുറികളുടെ കെട്ടിട നികുതി കണക്കാക്കിയതിൽ പിഴവ്- 21117/-രൂപയുടെ നഷ്ടം | 2-2 | |
| 14. | സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - പഞ്ചായത്ത് ഫണ്ടിനു നഷ്ടം. | 2-3 | |
| | <u>ഭാഗം 3</u> | | |
| 15. | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു – നിരാകരണം - ₹ 40000/- രൂപ | 3-1 | |
| 16. | തെരുവു വിളക്ക് മെയിന്റനൻസിന് AMC നൽകൽ- പദ്ധതി നിർവഹണത്തിൽ അപാകതകൾ- 2,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 | |
| 17. | എസ്.സി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ - രേഖകളുടെ അഭാവത്തിൽ തുക തടസപ്പെടുത്തുന്നു | 3-3 | |
| 18. | ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഔഷധ വിതരണം- നാളിതുവരെ ഔഷധം ലഭിച്ചില്ല-1 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 | |
| 19. | എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ആനുകൂല്യ വിതരണം - രേഖകൾ ഹാജരാക്കിയില്ല ₹704010/- തടസപ്പെടുത്തുന്നു | 3-5 | |
| 20. | രേഖകൾ ഹാജരാക്കിയില്ല – തടസ്സം ₹ 406225/-രൂപ | 3-6 | |
| 21. | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 | |

| | | | |
|---|---|---|---|
| 22. | സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് - താരിഫ് വിശദാംശങ്ങൾ ലഭ്യമല്ല | 3-8 | |
| | ഭാഗം 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26. | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 27. | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28. | ഓഡിറ്റ് റിക്കവറി | 4-6 | |
| 29. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 30. | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 32 | അനുബന്ധം ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27-03-15 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം

അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 08-07-2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 15-11-2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1.ആസ്തികളുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് വരവ്, ഡെപ്പോസിറ്റ് തിരികെ നൽകൽ വർഷാവസാനമുള്ള ഡെപ്പോസിറ്റ് നീക്കി ബാക്കി എന്നിവയുൾപ്പെടുത്തി സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3.സ്റ്റോക്കിൻെറ മൂല്യം ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൻവർഷത്തിലെ നികുതി ഡിമാന്റ് വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

6.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

7.മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

8.ഡി & ഒ, തൊഴിൽ നികുതി(ട്രേഡേഴ്സ്) എന്നിവയുടെ 2016-17 വർഷത്തേക്കുള്ള മുൻക്കൂർ ത്തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29863121 |
| വരവ് | 41664749 |
| ആകെ | 71527870 |
| ചെലവ് | 64317837 |
| നീക്കിയിരിപ്പ് | 7210033 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5303917 | 13730501 | 19034418 | 19034418 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 2650516 | 3818920 | 6469436 | 6469436 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 337684 | 269318 | 607002 | 607002 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 2136622 | 3689015 | 5825637 | 5825637 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2317272 | 3549990 | 5867262 | 5867262 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5608395 | 5038921 | 10647316 | 10647316 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 5198267 | (-)797718 | 4400549 | 4400549 | 0 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 33524000 | 33524000 | 33523899 | 101 | 32636553(EFMS) |
| ബി ഫണ്ട് | 0 | 16721040 | 16721040 | 16721040 | 0 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 88436669 | 128 | 52950634 | 7 | 46 | 74 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.35% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3961941 | 2627243 | -1334698 | |
| നികുതിയേതര വരവുകൾ | 698488 | 495293 | -203195 | |
| മറ്റുവരവുകൾ | 7148991 | 7345941 | 196950 | |
| ആകെ | 11809420 | 10468477 | -1340943 | (-)11.35% |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 246240 | 310 |
| കർഷക തൊഴിലാളി പെൻഷൻ | 2976600 | 3754 |
| വിധവാ പെൻഷൻ | 8248000 | 7630 |
| വാർദ്ധക്യ കാലപെൻഷൻ | 3267600 | 3187 |
| വികലാംഗ പെൻഷൻ | 1850600 | 1634 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 124000 | 129 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 11-11-2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സി.എച്ച.സി., പി.എച്ച്.സി. എന്നിവയിൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകളിൽ വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-10-2016 | 09/2016 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-08-2016 | 2011-12 മുതൽ 2015-16 വരെ | 07/10/2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ -ടെണ്ടർ- ടെണ്ടർ വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു- 7600/-രൂപയുടെ നഷ്ടം

2015-16 വർഷം 5 ലക്ഷം രൂപക്ക് മുകളിൽ അടങ്കൽ തുകയുള്ള 3 മരാമത്ത് പ്രവൃത്തികൾ

ഇ - ടെണ്ടറിലൂടെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾക്കുള്ള ടെണ്ടർ ഫോം വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നാളിതുവരെ ലഭിച്ചിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 2015-16 വർഷം 7600/-രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

ഇ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ടെണ്ടർ ഫോം വില ചെലാൻ മുഖേന എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ അടവാക്കുകയും ആയതിനു ശേഷം മേൽ ചെലാൻ നമ്പർ ഉപയോഗിച്ച് വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺ ലോഡ് ചെയ്തെടുക്കുകയുമാണ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ ഫോം വില്പനയിനത്തിൽ നിന്നും ലഭിക്കുന്ന തുകയിൽ, നിയമ പ്രകാരം വാറ്റ് ഇനത്തിൽ

സർക്കാരിനു ലഭിക്കേണ്ട തുക സർക്കാരിലേക്ക് ഒടുക്കിയ ശേഷം ബാക്കി തുക അതാത് പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് കൈമാറേണ്ടതാണ്. ഇപ്രകാരം ഇ-ടെണ്ടർ ഫോം വില്പനയിനത്തിൽ 2015-16 വർഷം പഞ്ചായത്തിനു ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേരും | അടങ്കൽ തുകയും | ടെണ്ടർ ഫോം വില | ഇ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള വ്യക്തികളുടെ എണ്ണം | ആകെ തുക | 5% വാറ്റ് കിഴിച്ച് പഞ്ചായത്തിനു ലഭിക്കേണ്ട വിഹിതം |
|---|---|---|---|---|---|---|
| 1. | പുതുപ്പാടപ്പി അംബികോനം റോഡ് മെയിന്റനൻസും, ടാറിംഗും | 500000 | 1000 | 2 | 2000 | 1900 |
| 2. | ഉദയഗിരി റോഡ് ടാറിംഗ് | 500000 | 1000 | 1 | 1000 | 950 |
| 3. | പുലിമുക്ക് മുരുകൻ കോവിൽ റോഡ് മെറ്റലിംഗ്, ടാറിംഗ് | 1164731 | 5000 | 1 | 5000 | 4750 |
| | | | | | ആകെ | 7600 |

മേൽ തുക തിരികെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ലഭിയ്ക്കുന്നതിനുള്ള നടപടികൾ നാളിതുവരെയായി ഗ്രാമപഞ്ചായത്ത് അധികാരികൾ സ്വീകരിച്ചിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 7600/- രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു. ഈ തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കടമുറികളുടെ കെട്ടിട നികുതി കണക്കാക്കിയതിൽ പിഴവ്- 21117/-രൂപയുടെ നഷ്ടം

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ കെട്ടിട നികുതി കണക്കാക്കിയതിൽ പിഴവ് വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പ്രകാരം ഈ കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട വസ്തുനികുതിയും ഈടാക്കിയിട്ടുള്ള വസ്തുനികുതിയും ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേരും | വാർഡ്നം, കെട്ടിടത്തിന്റെ | കെട്ടിട നം, വിസ്തീർണ്ണം | തിനു | ഈടാക്കേണ്ട വസ്തുനികുതി | ഈടാക്കിയിട്ടുള്ള വസ്തുനികുതി | കുറവ് (രൂപ) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | മേൽവിലാസവും | ഉപയോഗം | | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികു$^2$1m (രൂപ) | (രൂപ) | (രൂപ) | |
| 1. | വർഗ്ഗീസ് ജോൺ<br>മലയിൽ വീട്<br>ഇടമൺ പി.ഒ.<br>പുനലൂർ | XIII,<br>പൗൾട്രി ഫാം | 839,<br>100m$^2$ | 50 | 5000 | 1350 | 3650 |
| | | | 840,<br>100m$^2$ | 50 | 5000 | | 3650 |
| | | | 850,<br>100m$^2$ | 50 | 5000 | 1350 | 3650 |
| 2. | എം.ജി.എബ്രഹാം<br>മണിയാറ്റ് വീട്<br>ഒറ്റക്കൽ | IV,<br>ഫർണ്ണീച്ചർ സ്റ്റോക്ക് & വ്യാപാരം | 452,<br>200m$^2$ | 50 | 10000 | 2246 | 7754 |
| 3. | സുധീർ കുമാർ<br>മാനേജിംഗ് ഡയറക്ടർ,<br>സോൾവ് പ്ലാസ്റ്റിക് പ്രൈ. ലിമിറ്റഡ് | XIII,<br>പി.വി.സി. പൈപ്പ് ഗോഡൗൺ | 380,<br>150m$^2$ | 50 | 7500 | 778 | 6722 |
| 4. | ഡോ.കെ.കെ.ബാബു<br>മൈലാട്ട് പാറവീട്<br>ആയിരനെല്ലൂർ | X,<br>ആയുർവേദ മരുന്ന് സ്റ്റോക്ക് ചെയ്ത് വിൽപ്പന | 632,<br>79m$^2$ | 40 | 3160 | 1296 | 1864 |
| 5. | ഷാജിമോൻ<br>അറഫ<br>അണ്ടൂർ പച്ച<br>ഉറുകുന്ന് | IX,<br>ബീഡി സ്റ്റോക്കിംഗ് & വിൽപ്പന | 451,<br>42m$^2$ | 40 | 1680 | 353 | 1327 |
| ആകെ | | | | | | | 28617 |

മേൽ കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃതമായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ട കെട്ടിട നികുതി പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ- പഞ്ചായത്ത് ഫണ്ടിനു നഷ്ടം

2014-15 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർക്കുന്ന

സ്ഥാപനങ്ങൾ അവരവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അർദ്ധ വർഷവും പഞ്ചായത്തിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | പുഷ്പഗിരിയിൽ സെൻട്രൽ സ്കൂൾ | I & II |
| 2. | കെ.എസ്.ഇ.ബി, പുനലൂർ | I & II |
| 3. | ഉറുകുന്ന് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | I & II |

സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു – നിരാകരണം - ₹ 40000/-

പ്രോജക്ട് – ഹൗസ് പ്ലോട്ട്(ജനറൽ)
പ്രോജക്ട് നം. – S0021/16
തുക - 500000/- രൂപ (വികസനഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ബിൽ നംപർ – 53/15-16 / 26.3.16

ജി.ഒ.(എം.എസ്)നം.362/2013/ത.സ്വ.ഭ.വ./16/11/13 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽ പദ്ധതിക്ക് സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളിൽ ശ്രീമതി ആരിഫ ബീവി, പുതുവൽ പുത്തൻവീട്, അണ്ടൂർപച്ച എന്ന വ്യക്തി 2.02 ചതുരശ്ര മീറ്റർ ( 5 സെന്റ്, സർവ്വേ നം.1/3/121) സ്ഥലമാണ് ഒരു ലക്ഷം രൂപയ്ക്ക് ശ്രീമതി സുലോചനയിൽ നിന്നും വാങ്ങിയിരിക്കുന്നത്. ഇതിനായി സബ്സിഡി ഇനത്തിൽ ഒരു ലക്ഷം രൂപ നൽകിയിട്ടുമുണ്ട്(D D N o.991420 / 20/4/16).

എന്നാൽ പ്രമാണം രജിസ്റ്റർ ചെയ്തിരിക്കുന്ന വില കണക്കാക്കിയാൽ 3 സെന്റിന് (1. 21 ച. മീ.) പരമാവധി അനുവദിക്കാവുന്ന സബ്സിഡി തുക ₹ 60000/- മാത്രമാണ് എന്നിരിക്കെ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 9/11/16 ന് നല്കിയ ഓഡിറ്റ് എൻക്വയറി (നം.8)ക്ക് 2.02 ച.മീ. സ്ഥലം ഒറ്റ പ്ലോട്ടാണെന്നും ഉടമ ടി വസ്തു ഒറ്റ പ്ലോട്ടായേ വിൽക്കുകയുള്ളൂവെന്നും ടി വസ്തു ലഭിച്ചില്ല എങ്കിൽ ടി വർഷത്തെ വസ്തു വാങ്ങൽ പദ്ധതിയുടെ ആനുകൂല്യം ഇവർക്ക് നഷ്ടപ്പെടുമായിരുന്നു എന്ന മറുപടിയാണ് നല്കിയത്. ഈ

മറുപടി അംഗീകരിക്കാൻ സാധിക്കാത്തതിനാൽ അധികമായി നൽകിയ ₹ 40000/- ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നോ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അധിക തുക അനുവദിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-2 തെരുവു വിളക്ക് മെയിന്റനൻസിന് AMC നൽകൽ-പദ്ധതി നിർവഹണത്തിൽ അപാകതകൾ-2,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്നം. :113/16 (സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

എസ്റ്റിമേറ്റ് : 4,50,000/-രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 2,25,000/-രൂപ (DD No.370507/24.06.2015)

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ ഒരു വർഷത്തേയ്ക്ക് തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിന് AMC നൽകാനായി 28.04.2015-ൽ എസ്റ്റിമേറ്റ് നിരക്കിൽ താഴെപറയും പ്രകാരം രണ്ട് ടെണ്ടറുകൾ ലഭിച്ചു.

1.ഒമേഗ ഇലക്ട്രോണിക്സ്, തിരുവനന്തപുരം

2.മേലേത്ത് ബ്രദേഴ്സ്, കുളത്തൂപ്പുഴ

4/5/2015-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 1(2) പ്രകാരം, പ്രവർത്തന പരിചയം കണക്കിലെടുത്ത് ഒമേഗ ഇലക്ട്രോണിക്സിന്റെ ടെണ്ടർ അംഗീകരിക്കുകയും AMC-യ്ക്കായി 2,25,000/-രൂപ മുൻകൂർ നൽകുകയും ചെയ്തു. പ്രസ്തുത പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 1203 CFL, 464 ട്യൂബ്സെറ്റ്, 471 സാധാരണ ബൾബ്, 3 സോഡിയം വേപ്പർ ലാമ്പ് എന്നിവയാണുള്ളത്. എന്നാൽ തങ്ങളുടെ സഹസ്ഥാപനമായ, അമ്മിണി ഇലക്ട്രോണിക്സ്, മുമ്പ് സ്ഥാപിച്ച 900 CFL-ന് മാത്രമേ അറ്റകുറ്റപ്പണി നടത്തുകയുള്ളൂ എന്ന് 22.05.2015-ന് ഒമേഗ ഇലക്ട്രോണിക്സുമായി ഏർപ്പെട്ട കരാറിൽ വ്യവസ്ഥ ചെയ്തു. ഫലത്തിൽ മറ്റു തെരുവ് വിളക്കുകൾ AMC-യിൽ ഉൾപ്പെടാതെ പോയി.

2. പരാതി ലഭിച്ച് 45 ദിവസത്തിനകം മാത്രമേ അറ്റകുറ്റപ്പണി നടത്താൻ കഴിയൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് പൊതുജന താല്പര്യത്തിന് വിരുദ്ധമാണ്(കരാർ ഖണ്ഡിക നം.11).

3. 50% തുക മുൻകൂർ നൽകിയ ശേഷം ആദ്യ സർവീസും ബാക്കി 50% നൽകിയ ശേഷം രണ്ടാം സർവീസും എന്ന് കരാറിൽ വ്യവസ്ഥ ചെയ്തത് വഴി തെരുവ് വിളക്കുകളുടെ തുടർച്ചയായ അറ്റകുറ്റപ്പണി ഉറപ്പ് വരുത്തിയില്ല.

4. ഓഡിറ്റ് എൻക്വയറി നം. 5/9.11.2016- ന് ലഭിച്ച മറുപടിയിൽ പ്രസ്തുത സ്ഥാപനം 496 തെരുവ് വിളക്കുകൾ സർവീസ് ചെയ്തതായി പറയുന്നെങ്കിലും അതിനാധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. കരാറിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കസ്റ്റമർ കംപ്ലയിന്റ് രജിസ്റ്റർ പരിശോധനയ്ക്ക്

ലഭ്യമാക്കിയില്ല.

6. ഏകപക്ഷീയവും പൊതുജന താത്പര്യത്തിന് വിരുദ്ധവുമായ വ്യവസ്ഥകൾ മുന്നോട്ടുവച്ച പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി, രണ്ടാമത്തെ സ്ഥാപനത്തിന് കരാർ നൽകുകയോ റീടെണ്ടർ നടത്തുകയോ ചെയ്തില്ല.

ഈ സാഹചര്യത്തിൽ കരാറുകാരന് മുൻകൂർ നൽകിയ 2,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകളും വിശദീകരണവും നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 എസ്.സി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ - രേഖകളുടെ അഭാവത്തിൽ തുക തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 750000/- രൂപ അടങ്കലിൽ (വികസന ഫണ്ട് എസ്.സി.പി) നടപ്പിലാക്കിയ 'എസ് സി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ' (പ്രോജക്ട് നം. 155/16) എന്ന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ സിനു.എ & റിജു, തിരുമല ഭവൻ, ഇടമൺ എന്ന ഗുണഭോക്താവ് തനിക്കോ തന്റെ കുടുംബാംഗങ്ങൾക്കോ ഭൂമിയില്ലെന്നത് സംബന്ധിച്ച ഭൂരഹിത സാക്ഷ്യപത്രം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നംപർ 1/8.11.2016ന് തൃപ്തികരമായ മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 150000/-രൂപ(ഡി.ഡി. നം. 370508/24.06.2015) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്

## 3-4 ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഔഷധ വിതരണം- നാളിതുവരെ ഔഷധം ലഭിച്ചില്ല-1 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം. 96/16-ൽ ഉൾപ്പടുത്തി NHM ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഡി.ഡി. നം. 989428/29.02.2016 മുഖേന ഒരു ലക്ഷം രൂപ നൽകി. എന്നാൽ നാളിതുവരെയും ഔഷധങ്ങൾ ഡിസ്പെൻസറിയിൽ ലഭിച്ചിട്ടില്ലെന്ന് 10.11.2016-ലെ 4 NHM T/16 – കത്ത് പ്രകാരം NHM മെഡിക്കൽ ഓഫീസർ അറിയിച്ചുണ്ട്. അതിനാൽ ഒരു ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഔഷധങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ആനുകൂല്യ വിതരണം - രേഖകൾ ഹാജരാക്കിയില്ല ₹704010 തടസ്സപ്പെടുത്തുന്നു

എസ്.സി /എസ്. ടി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണത്തിനായി ഓഡിറ്റ് വർഷം 2 പദ്ധതികൾ നടപ്പിലാക്കി. പ്രോജക്ട് നംപർ 33/2016 പ്രകാരം 132002/- രൂപ ചെലവഴിച്ച് എസ്.ടി വിഭാഗത്തിൽപ്പെട്ട 33 വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിളും കസേരയും, പ്രോജക്ട് നംപർ 31/16 പ്രകാരം 572008/- രൂപ ചെലവഴിച്ച് എസ്.ടി വിഭാഗത്തിൽപ്പെട്ട 143 കുട്ടികൾക്ക് സ്റ്റഡി ടേബിളും കസേരയും, പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും

വാങ്ങി വിതരണം ചെയ്തു. ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല .
2.ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

മേൽവിഷയം സംബന്ധിച്ച് 8.11.2016ൽ നൽകിയ ഓഡിറ്റ് എൻക്വയറി 3ന് രേഖകൾ ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച ₹ 704010/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 രേഖകൾ ഹാജരാക്കിയില്ല – തടസ്സം ₹ 406225/-

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ, ലാബ് ഉപകരണങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട ക്വട്ടേഷൻ രേഖകൾ എന്നിവ 9/11/16 ലെ ഒന്നാം നമ്പർ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല

| പ്രോജക്ടിന്റെ പേര്, നം & ഫണ്ട് ഇനം | ബിൽനം, തീയതി | തുക (രൂപ) |
|---|---|---|
| പി.എച്ച്.സി ലാബിന് ഉപകരണങ്ങൾ വാങ്ങലും നവീകരണവും (SO098/16) മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5/15-16/17-11-15 | 96225 |
| പാലിയേറ്റീവ് കെയർS(0040/16) വികസന ഫണ്ട് | 1.11/15-16/ 23-3-16 | 50000 |
| മരുന്ന് വാങ്ങൽ വികസന ഫണ്ട് | 2. 12/15 -16/23 -3–16 | 60000 |
| പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ(Soo 43/16) മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 9/15 -16/23-3-16 | 200000 |
| | ആകെ | 406225 |

രേഖകളുടെ അഭാവത്തിൽ മേൽ ചെലവുകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ₹406225 / - ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ഏജൻസികൾക്ക് നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം./ഇനം | നൽകിയ തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഡി.ഡി.നം./തീയതി |
|---|---|---|---|---|
| (1) | 2/2016-IAY വിഹിതം | 9,75,000 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 372921/16.09.2015 |
| (2) | 6/2016-SSA വിഹിതം | 8,72,919 | ജില്ലാ പ്രോജക്റ്റ് ഓഫീസർ | 372922/16.09.2015<br>990138/19.3.2016 |
| (3) | 94/2016-മീഡിയ ശ്രീ | 65,000 | കുടുംബശ്രീ എക്സിക്യൂട്ടീവ് ഓഫീസർ | 373306/29.9.2015 |
| | ആകെ | 19,12,919 | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 19,12,919/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 സ്ട്രീറ്റ് ലൈറ്റ് ചാർജ് - താരിഫ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം ഓരോ കൺസ്യൂമർ നമ്പരിലേയും വിവിധ ഇനത്തിലുള്ള ലൈറ്റുകളുടെ എണ്ണം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | കൺസ്യൂമർ നം. | ബൾബ് | ട്യൂബ് | എസ്.വി ലാമ്പ് | സി.എഫ്.എൽ |
|---|---|---|---|---|---|
| 1 | 4 | 21 | 85 | 3 | 538 |
| 2 | 154 | 336 | 122 | - | 566 |
| 3 | 250 | 114 | 257 | - | 99 |

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്ത് അധികൃതരും KSEBയും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, പ്രവർത്തിക്കുന്ന ബൾബ്, ട്യൂബ് സെറ്റ്, CFLകൾ എന്നിവയുടെ ഇനം/എണ്ണം തിരിച്ചുള്ള വിശദമായ ബില്ല് എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 8/11/16ൽ ഓഡിറ്റ് എൻക്വയറി നം. 4 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

2015-16 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന പ്രകാരം സ്ട്രീറ്റ് ലൈറ്റ് ചാർജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

കൺസ്യൂമർ നം :

4 - 355369/- രൂപ

154 - 584443/-രൂപ

250- 429909/-രൂപ

ആകെ – 1369721/-രൂപ

രേഖകളുടെ അഭാവത്തിൽ മേൽ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4000 |

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 214609/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14<br>&<br>2014-15 | 2-1(എ) | 150 | ഖുറൈശീയ ബീവി<br>സ്വീപ്പർ, കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 11603100808<br>dtd:29-06-16 |
| " | 2-1(എ) | 250 | ആർ.രാജേഷ് കുമാർ<br>ഓഫീസ് അറ്റൻഡന്റ്<br>വൈൽഡ് ലൈഫ് ഡിവിഷൻ, ശെന്തുരുണി | 11603101054<br>dtd:04-08-16 |
| " | 2-1(ബി) | 5000 | വെൽടെക് എൻജിനീയറിംഗ്, ഇടമൺ | 11603100956<br>dtd:20-07-16 |
| " | 2-1(സി) | 480 | വെൽടെക് എൻജിനീയറിംഗ്, ഇടമൺ | 11603100955<br>dtd:20-07-16 |
| " | 3-1 | 5674 | ലളിതാംബിക<br>എഫ്.റ്റി.എസ് | 11603100864<br>dtd:07-07-16 |
| " | 3-2 | 6300 | സിജി അജിത്ത്കുമാർ<br>അറ്റൻഡർ, എൻ.ആർ.എച്ച്.എം.<br>ഹോമിയോ ഡിസ്പെൻസറി | 11603100866<br>dtd:07-07-16 |
| " | 3-4 | 974 | ഹരീഷ് കുമാർ | 11603100867 |

| | | | | |
|---|---|---|---|---|
| | | | എൽ.ഡി.സി. | dtd:07-07-16 |
| " | 3-9 | 1000 | വെറ്ററിനറി സർജൻ | 11603100972<br>dtd:22-07-16 |
| " | 3-12 | 194781 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11603500064<br>dtd:18-07-16 |
| ആകെ | | | | 214609/- |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-16 | 2010-11 | 5-2.6(2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്- ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ചു | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41664749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64317837 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 28617 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3498154 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 28617 | | എ.ഷാജഹാൻ, സെക്രട്ടറി |
| 3-1 | | 40000 | പത്മജ തോമസ്സ്,അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 225000 | ശ്രീ.എ. ഷാജഹാൻ, സെക്രട്ടറി |
| 3-3 | 150000 | നിഥിൻ ദേവ്,വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3-4 | 100000 | ശ്രീ.എ. ഷാജഹാൻ, സെക്രട്ടറി |
| 3-5 | 704010 | ശ്രീ.എ. ഷാജഹാൻ, സെക്രട്ടറി |
| 3-6 | 406225 | ശ്രീ.എ. ഷാജഹാൻ, സെക്രട്ടറി |
| | (96225 | ഡോ. സാഹിൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | 310000) | ഡോ.ഹാരിസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7 | | എ.ഷാജഹാൻ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.ഷാജഹാൻ, സെക്രട്ടറി | പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം | തണൽ, കൊല്ലായിൽ പി.ഒ., കലയപുരം |
| പത്മജ തോമസ്സ്, | തെന്മല പഞ്ചായത്ത് | സ്കൈലാർക്ക്, ഇരുമരം, |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | | കരിപ്പീര്, നെടുമങ്ങാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | എൽ.എഫ്.ക്യൂ.പി.7-1324(8)/14,തീയതി 19.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി.7-1324(9)/14, തീയതി 19.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി.7-1324(10)/14,തീയതി 19.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി.7-1324(11)/14, തീയതി 19.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി.7-1324(12)/14,തീയതി 19.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി.7-1324(13)/14,തീയതി 19.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി.7-1324(14)/14,തീയതി 19.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14,തീയതി 19.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14,തീയതി 19.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി.7-1324(17)/14,തീയതി 19.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി.7-1324(18)/14,തീയതി 19.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി.7-1324(19)/14, തീയതി 19.06.14 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി.7-1912/13,തീയതി 31.03.14 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി7.704/2016 തീയതി 17.05.2016. |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്,
ജില്ലാ ഓഫീസ്, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം
കെ.എസ്.എ. കെ.എൽ.എം - പി7-59 / 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 04.02.2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിലെ 4 –ാം വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215 -വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തെന്മല ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെന്മല ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.